**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2157**

**17.2.2016-ൽ മറുപടിയ്ക്ക്**

**കേരള ക്ലേയ്സ് & സിറാമിക്സ് ലിമിറ്റഡ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) കേരള ക്ലേയ്സ് & സിറാമിക് ലിമിറ്റഡിന്റെ പഴയങ്ങാടി ചൈനാ ക്ലേ യൂണിറ്റും മാങ്ങാട് സിറാമിക് യൂണിറ്റും അടച്ചുപൂട്ടുന്നതിനിടയാക്കിയ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ; | **(എ)** കേരള ക്ലേയ്സ് & സിറാമിക്സ് ലിമിറ്റഡിൽ മലിനീകരണപ്രശ്നം ഉയർത്തി തദ്ദേശീയരുടെ ശക്തമായ എതിർപ്പ് മൂലം ചൈനക്ലേയുടെ ഖനനം താൽക്കാലികമായി നിർത്തിവച്ചിരിക്കു ന്ന തിനാൽ കമ്പനിയുടെ സിറാമിക് യൂണിറ്റിന്റെ പ്രവർത്തനത്തെ പ്രതി കൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത യൂണിറ്റുകളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; ഈ യൂണിറ്റുകൾ അടച്ചുപൂട്ടിയതു മൂലം തൊഴിലാളികളും ജീവനക്കാരും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ബി)** ഈ രണ്ട് യൂണിറ്റിലും കൂടി 121 തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തര സാമ്പത്തിക സഹായമായി 159 ലക്ഷം രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാരി ന്റെ പരിഗണനയിലാണ്. |
| (സി) കമ്പനിയുടെ വൈവിധ്യവല്ക്കരണത്തിനും ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | **(സി)** കമ്പനിയുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായുള്ള പദ്ധതിയുടെ സാധ്യതകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ